LIBRARY ARCHIVES Kerala Legislative Assembly

കമാന്റ് ഏരിയ വികസന പദ്ധതി

13 (*779) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമാന്റ് ഏരിയ വികസന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) കാർഷിക ഉല്പാദനത്തിൽ കമാന്റ് ഏരിയ വികസന പദ്ധതികൊണ്ട് യാതൊരു നേട്ടങ്ങളും ഉണ്ടാക്കാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജനപങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) പണി പൂർത്തീകരിച്ച ജലസേചന പദ്ധതി പ്രദേശങ്ങളുടെ സമഗ്ര വികസനമാണ് കാഡയുടെ ലക്ഷ്യം. ഫീൽഡുകളിൽ ജലം എത്തിക്കുന്നതിനുള്ള ഫീൽഡ് ചാനൽ, ലാന്റ് റിക്ലമേഷൻ പണികൾ, കൃഷി വിഭാഗത്തിൽ അഡാപ്ടീവ് ട്രയൽ, ഡമോൺസ്ട്രേഷൻ, കർഷകർക്കുള്ള പരിശീലന പരിപാടി, ചെറുകിട/നാമമാത്ര കർഷകർക്കുള്ള സഹായം, മണ്ണുസംരക്ഷണം എന്നിവയാണ് കാഡയുടെ പ്രവർത്തനമേഖലയിൽ വരുന്നത്.

(സി) ഇല്ല.

(ഡി) ജനപങ്കാളിത്തത്തോടുകൂടി തന്നെയാണ് ഇപ്പോൾ ഈ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ

14 (*780) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള പദ്ധതികൾക്ക് കേന്ദ്രം ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട് ;

(ബി) ഇതിൽ കേരളത്തിന് എന്തെല്ലാം തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കുടിവെള്ളത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലോണായും ഗ്രാന്റായും എത്ര തുക വീതം ലഭിക്കുകയുണ്ടായി ;

(ഡി) കുടിവെള്ളം സംബന്ധിച്ച് എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ&ബി) കുടിവെള്ള പദ്ധതികൾക്ക് കേന്ദ്ര വായ്പയായും ഗ്രാന്റായും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കുടിവെള്ളത്തിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നും ലോണായും ഗ്രാന്റായും 108.66 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ 2002-2003 സാമ്പത്തിക വർഷം പ്രഖ്യാപിച്ച സ്വജൽധാരാ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ നാളിതുവരെ 7519 ലക്ഷം രൂപ അടങ്കൽ തുകയുള്ള 554 ഗ്രാമീണ ചെറുകിട കുടിവെള്ള പദ്ധതികൾക്കുള്ള അപേക്ഷകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 120 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം

15 (*781) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിവരുന്ന ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സ്വകാര്യവൽക്കരണ നിർദ്ദേശം സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഹോസ്റ്റലിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനം കലായളവ്, മിനിമം മാർക്ക് തുടങ്ങിയ കാര്യങ്ങളിൽ പുതിയ നിബന്ധനകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച് വിശദ വിവരം വെളിപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കീഴിലുള്ള ട്രൈബൽ ഹോസ്റ്റലുകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly